**കൊക്കകോളയെ പിണക്കുമ്പോൾ അമേരിക്കൻ മൂലധന ശക്തികൾ പിണങ്ങുമെന്നും മൂലധനത്തിന്റെ വരവ് നിലയ്ക്കുമെന്നുമുള്ള ഭീതിയാണ് ഭരിക്കുന്നവർക്കുള്ളത്. അതായത്, മുതലാളിത്ത വികസനതന്ത്രം വിഭാവനം ചെയ്യുന്ന വൻകിട ഉൽപാദന സമ്പ്രദായത്തെ വികസനത്തിന്റെ ഏകമാർഗ്ഗമായി കാണുമ്പോൾ കോള കമ്പനിക്കെതിരായ സമരത്തെ ഒരു പ്രഹസനമാക്കി മാറ്റേണ്ടത് ഇവിടുത്തെ ഭരണവർഗ്ഗങ്ങളുടെ ആവശ്യമാണ്.**

# പ്ലാച്ചിമടയുടെ രാഷ്ട്രീയം

വിജയരാഘവൻ ചേലിയ/യെൽദോ




**പ്ലാച്ചിമടയിലെ അനീതിയെന്ത്?**
**പ്ലാച്ചിമടയിലെ അനീതിയുടെ പരിഹാരമെന്ത്?**
**ഈ അനീതി ഇനിയും പരിഹരിക്കപ്പെടാത്തതെന്തുകൊണ്ട്?**

ഈ മൂന്ന് ചോദ്യങ്ങൾക്കും ലളിതമായ ഉത്തരങ്ങളില്ല. കഴിഞ്ഞ ആറ് വർഷങ്ങളായി ഈ ചോദ്യങ്ങൾ ആവർത്തിച്ചുന്നയിക്കപ്പെട്ടിട്ടും ഇതുവരെ ശരിയായ ഉത്തരങ്ങൾ ലഭ്യമായില്ല എന്നതുതന്നെ അതിനു തെളിവാണ്.

**പ്ലാച്ചിമടയിലെ അനീതി**

1) പ്ലാച്ചിമട കൊക്കക്കോള കമ്പനിയുടെ പ്രവർത്തനം മൂലം പ്രദേശത്തെ കുടിവെള്ളം മലിനീകരിക്കപ്പെട്ടിരിക്കുന്നു.

2) കോള കമ്പനിയുടെ അമിത ജല ചൂഷണം മൂലം കൃഷിക്കു വെള്ളം കിട്ടുന്നില്ല.

3) കോള കമ്പനി പുറംതള്ളിയ ഖരമാലിന്യം പരിസ്ഥിതി നാശമുണ്ടാക്കി.

4) പ്രകൃതിവിഭവങ്ങളുടെ മേലുള്ള ജനങ്ങളുടെ അധികാരവും അവകാശവും നിഷേധിക്കപ്പെടുന്നു.

ഇത്രയും കാര്യങ്ങളാണ് സമരസമിതിയും സമരത്തെ പിന്തുണക്കുന്നവരും ഉന്നയിക്കുന്നത്. ഏറ്റവുമൊടുവിൽ മുഖ്യമന്ത്രിക്കു നൽകിയ നിവേദനത്തിൽപോലും ഈ കാര്യങ്ങൾ തന്നെയാണ് ചൂണ്ടിക്കാട്ടിയിരിക്കുന്നത്. കോള കമ്പനിയുടെ ഇരുവശത്തുമായുള്ള പ്ലാച്ചിമട, വിജയനഗർ ആദിവാസി കുടികളിലെ കിണറുകളിലെ ജലനിരപ്പ് താഴുക മാത്രമല്ല, ഉള്ള വെള്ളം പോലും ഘനലോഹങ്ങളുടെ സാന്നിദ്ധ്യമുള്ളതായി മാറുകയും, ഈ കോളനികളിലെ സ്ത്രീകൾ വെള്ളം തേടി കിലോമീറ്ററുകൾ അലയേണ്ടി വരികയും ചെയ്തു. ഉപജീവനോപാധിയായ തൊഴിലുകളിലേർപ്പെടുന്നതിനെയും കുട്ടികളെ സ്കൂളിലയക്കുന്നതിനെയുമെല്ലാം ഇത് നേരിട്ട് തടസ്സപ്പെടുത്തി. 2001-2003 കാലത്ത് ഈ കോളനികളിലെ ശിശുക്കളുടെ ജനനസമയത്തെ ശരാശരി തൂക്കത്തിൽ 1996-2000 ത്തെ അപേക്ഷിച്ച് 200 ഗ്രാമിന്റെ കുറവ് സംഭവിച്ചതായി ഡോ. വി. ടി. പത്മനാഭൻ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. (ഫാക്ടറി പ്രവർത്തനം ആരംഭിച്ചത് 2000-ൽ ആണ്.). 1996-2000 കാലത്ത് ജനിച്ച ശിശുക്കളുടെ 15 ശതമാനത്തിന്റെ തൂക്കം ഡബ്ല്യു. എച്ച്. ഒ. നിലവാരത്തിന് (2.5 കിഗ്രാം) താഴെയായിരുന്നെങ്കിൽ 2001-2003 കാലത്ത് അത് നേർ ഇരട്ടിയായി (30%).

ജലസേചനത്തിന് വേണ്ടത്ര വെള്ളം കിട്ടാത്തത് മൂലം മൂന്നുപൂ കൃഷി ചെയ്തിരുന്ന നെൽപ്പാടങ്ങളിൽ കൃഷി മുടങ്ങി. തെങ്ങ് ഉൾപ്പെടെയുള്ള മറ്റ് സ്ഥിരവിളവുകളുടെയും ഉല്പാദനം ഗണ്യമായി കുറഞ്ഞു. ഇതുമൂലം സംഭവിച്ചിട്ടുള്ള തൊഴിൽ, സാമ്പത്തിക നഷ്ടങ്ങളെക്കുറിച്ചുള്ള വിശദമായ കണക്കെടുപ്പ് ഇനിയും നടത്തിയിട്ടില്ല. കമ്പനിയിൽ നിന്ന് പുറന്തള്ളുന്ന ഖരമാലിന്യങ്ങൾ വളമെന്ന പേരിൽ പരിസരത്തെ കർഷകർക്ക് വിൽക്കുകയും പുഴയോരം ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ കൊണ്ടുപോയി തള്ളുകയും ചെയ്തിരുന്നു. എന്നാൽ കാഡ്മിയവും കറുത്തീയവും ഉൾപ്പെടെയുള്ള അപകടകാരികളായ ലോഹങ്ങൾ അടങ്ങിയതാണ് ഈ വളമെന്ന് പിന്നീട് ബി. ബി. സി. വെളിപ്പെടുത്തി. 2003 സെപ്തംബർ 12 ന് കേന്ദ്ര, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ സംയുക്തമായി നടത്തിയ പരിശോധനകളിൽ ഈ മാലിന്യങ്ങളിൽ ഒരു കിലോഗ്രാമിന് 338.8 ഗ്രാം വച്ച് കാഡ്മിയം അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തി.

ജലം ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങളുടെ മേലുള്ള തദ്ദേശീയ ജനതകളുടെ അവകാശത്തിന്റെ വിഷയം വിശദമായ ചർച്ച ആവശ്യമായ ഒരു രാഷ്ട്രീയ പ്രശ്നമാണ്.

1998-ൽ കോള കമ്പനിയെ ക്ഷണിക്കുമ്പോൾ അന്നത്തെ ഇടതുപക്ഷ സർക്കാരിന് മേൽപ്പറഞ്ഞ അനീതികൾ ഇവിടെ ഉടലെടുക്കുമെന്ന് സങ്കല്പിക്കുവാൻ കഴിഞ്ഞിരിക്കുമോ? ആരെങ്കിലും ഇത്തരം സാദ്ധ്യതകൾ ചൂണ്ടിക്കാണിച്ചിരുന്നോ? ഒരു കാര്യം വ്യക്തമാണ്; ഇന്ത്യയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കോള കമ്പനികൾക്കൊന്നും പ്ലാച്ചിമടക്കു മുമ്പ് ഇത്തരം ഒരു സമരം നേരിടേണ്ടി വന്നിട്ടില്ല. അതുകൊണ്ട് തന്നെ മേൽപ്പറഞ്ഞ അനീതികൾ മുൻകൂട്ടിക്കാണാൻ കഴിഞ്ഞില്ലെന്ന നിലപാട് ഇടതുപക്ഷം ഉന്നയിച്ചേക്കും. എന്നാൽ ഇടതുപക്ഷം മറുപടി പറയേണ്ട മറ്റൊരു ചോദ്യം ഉന്നയിക്കപ്പെടേണ്ടിയിരിക്കുന്നു. കോള കമ്പനിയെ ക്ഷണിച്ചുവരുത്തിയത് എന്തിനാണ്? കേരളത്തിന്റെ വിപണിയിൽ ശീതള പാനീയത്തിന്റെയോ, സോഡയുടെയോ, കുപ്പിവെള്ളത്തിന്റെയോ ദൗർലഭ്യമായിരുന്നോ? ഇല്ല എന്നുറപ്പ്. പിന്നെന്തിന് കൊക്കക്കോള, പെപ്സി കമ്പനികളെ ക്ഷണിച്ചുവരുത്തിയത്. മറ്റ് ലഘുപാനീയ ഉല്പന്നങ്ങളുടെ ഉല്പാദനത്തിലേർപ്പെട്ട് ജീവിതം കഴിച്ചുപോന്ന ആയിരക്കണക്കിന് തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഉണ്ടായിരുന്നില്ലേ? ഇവരിൽ എത്ര പേർ ഇന്ന് പട്ടിണി കൂടാതെ ജീവിക്കുന്നുണ്ട്? എത്ര പേർക്ക് കൊക്കക്കോളയോട് വിപണിയിൽ മത്സരിക്കാൻ കഴിയുന്നുണ്ട്? ഈ ദിശയിൽ ഒരു പഠനവും ആരും നടത്തിയിട്ടില്ലെന്നതുകൊണ്ട് ഉത്തരവുമില്ല.

## വികസനത്തിന്റെ രാഷ്ട്രീയം

കോളവിരുദ്ധ സമരപ്രവർത്തകരെ ആദ്യഘട്ടത്തിൽ വികസന വിരുദ്ധരെന്ന് വിളിച്ചാക്ഷേപിച്ചിരുന്നു. എന്നാൽ ഇന്ന് എല്ലാവരും കോളവിരുദ്ധരായ സാഹചര്യത്തിൽ അങ്ങനെ ഒരു വിശേഷണം കേൾക്കാനില്ല. എന്നാൽ ഈ സമരത്തിന്റെ തുടക്കം മുതൽതന്നെ സമരത്തോട് ഐക്യപ്പെട്ടവരും സമരത്തിന്റെ ജനപ്രീതി വർദ്ധിച്ചപ്പോൾ സംഘടിതമായി വന്നുചേർന്നവരും തമ്മിൽ അടിസ്ഥാനപരമായി വ്യത്യാസമുണ്ട്. തുടക്കത്തിൽ തന്നെ സമരാനുകൂല നിലപാടെടുത്തവർ ഇത്തരം വികസനം ഹിംസാത്മകമാണെന്ന് വിശ്വസിക്കുന്നവരാണ്. പിന്നീടെത്തിയവരാകട്ടെ, ചെറിയ പരിഷ്കാരങ്ങളോടെ, പ്രധാനമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ മനുഷ്യമുഖത്തോടെയുള്ള വികസനം സാധ്യമാകുമെന്നു വിശ്വസിക്കുന്നവരാണ്. അതുകൊണ്ടാണ് കൊക്കകോളയുടെ രാഷ്ട്രീയം സ്മാർട്ട് സിറ്റിയിൽ കാണാൻ അവർക്ക് കഴിയാതെ പോകുന്നത്. കൊക്കകോളയും സ്മാർട്ട് സിറ്റിയും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണ്.

കഴിഞ്ഞ 20 വർഷം കൊണ്ട് ഇന്ത്യാരാജ്യം സാമ്പത്തിക രംഗത്ത് നേടിയ പുരോഗതിയും പട്ടിണിയുടേയും തൊഴിലില്ലായ്മയുടേയും പരിഹരണത്തിന്റെ രംഗത്തുണ്ടായ തളർച്ചയും പരിഗണിക്കുക. ഉൽപാദന രംഗത്തെ ബഹുജന പങ്കാളിത്തം കുറയുമ്പോൾ തന്നെ ഉൽപാദനം വർദ്ധിക്കുന്നതായി കാണാം. ഇത് ഒരു മികച്ച ജി.എൻ.പി.രാഷ്ട്രത്തെ സൃഷ്ടിക്കുമെങ്കിലും ക്ഷേമരാഷ്ട്രം സൃഷ്ടിക്കില്ല. അപ്പോൾ പ്ലാച്ചിമടയുടെ രാഷ്ട്രീയം ചർച്ചചെയ്യേണ്ടത് വികസനത്തിന്റെ രാഷ്ട്രീയത്തിന്റെ ചട്ടക്കൂടിൽ തന്നെയാണെന്നത് വ്യക്തമാണ്.

## പരിസ്ഥിതിവാദികളും പ്ലാച്ചിമടയും

എന്താണ് പ്ലാച്ചിമടയുടെ സന്ദേശം? ജലം മലിനീകരിക്കപ്പെട്ടിരുന്നില്ലെങ്കിൽ, കൃഷിഭൂമിക്ക് കോട്ടം സംഭവിച്ചിരുന്നില്ലെങ്കിൽ, പ്ലാച്ചിമട പ്രശ്നം ഉണ്ടാകുമായിരുന്നോ? കൊക്ക കോള കമ്പനി കടൽ വെള്ളം ശുദ്ധീകരിച്ച് കോളയും കുപ്പിവെള്ളവും ഉല്പാദിപ്പിച്ചിരുന്നെങ്കിൽ അതൊരു മാതൃകയായി കൊട്ടിഘോഷിക്കപ്പെടുമായിരുന്നില്ലേ? കമ്പനി പ്ലാച്ചിമടയിൽ നിന്ന്

പിൻവാങ്ങുകയും മത്സ്യസംസ്കരണരംഗത്ത് ചെയ്യുന്നത് പോലെ കപ്പൽവ്യൂഹങ്ങളിൽ വ്യവസായശാല സ്ഥാപിച്ച് കടലിൽ നിന്ന് ഉൽപ്പന്നങ്ങൾ കേരളവിപണിയിൽ എത്തിക്കുകയും സംസ്ഥാന സർക്കാരിന് നികുതി നൽകുകയും ചെയ്താൽ ആസ്ഥാന പരിസ്ഥിതിവാദികൾ തൃപ്തരാകില്ലേ? അതിരപ്പിള്ളി പദ്ധതിയെക്കുറിച്ച് ശാസ്ത്രസാഹിത്യപരിഷത്ത് പ്രവർത്തകരടക്കമുള്ള പ്രമുഖ പരിസ്ഥിതി പ്രവർത്തകരുടെ പ്രതികരണങ്ങളെ ഈ പാശ്ചാത്തലത്തിൽ തിരിച്ചറിയാം. കേന്ദ്രീകൃത വ്യവസായശാലകളോടോ പരമാവധി കാര്യക്ഷമതയിലൂന്നിയ വികസന സമ്പ്രദായത്തോടോ ഇവർക്കെതിർപ്പില്ല. പ്രത്യക്ഷത്തിൽ കാണുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മാത്രമാണ് ഇവർ കണ്ടെത്തുന്നത്. യൂറോപ്പിൽ പരക്കെ കാണപ്പെടുന്ന പരിസ്ഥിതി പ്രസ്ഥാനങ്ങൾ മിക്കതും ഈ വിധത്തിൽ ചിന്തിക്കുന്നവയാണ്. ഇവിടെയും ഇപ്രകാരം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പരിസ്ഥിതിവാദികൾക്കാണ് മുൻതൂക്കം. എന്നാൽ കേന്ദ്രീകൃത ഉൽപാദനത്തിന്റെ അപമാനവികതയെ ചൂണ്ടിക്കാണിക്കുമ്പോൾ മാത്രമേ പ്ലാച്ചിമടയുടെ രാഷ്ട്രീയം പൂർണ്ണവും സുതാര്യവുമാവുകയുള്ളൂ.

### കേന്ദ്രീകൃത അധികാരവും ഉല്പാദനവും

അധികാരം കേന്ദ്രീകൃതമാകുമ്പോൾ ഉല്പാദനവും കേന്ദ്രീകൃതമായിത്തീരും. അതുപോലെ ഉല്പാദന ഘടന കേന്ദ്രീകൃതമാകുമ്പോൾ അധികാര വികേന്ദ്രീകരണം സാധ്യമല്ല. ചൈനയും റഷ്യയുമെല്ലാം മേൽപ്പറഞ്ഞ അനുഭവങ്ങളുടെ സാക്ഷ്യങ്ങളാണ്. ചൈനയിലെ ഓരോ കുടിലും ഓരോ വ്യവസായശാല ആകണമെന്ന് ചെയർമാൻ മാവോ പറഞ്ഞിരുന്നെങ്കിലും അധികാരം കേന്ദ്രീകൃതമായരുന്നതുകൊണ്ട് ക്രമേണ ഉല്പാദനഘടനയും കേന്ദ്രീകൃത സ്വഭാവമുള്ളതായിത്തീർന്നു. അതുപോലെ റഷ്യയിൽ എല്ലാ അധികാരവും സോവിയറ്റുകൾക്ക് എന്ന ലെനിന്റെ മുദ്രാവാക്യം പുത്തൻ സാമ്പത്തിക നയത്തിലൂടെ അമേരിക്കയോട് തുല്യത കൈവരിക്കാനുള്ള ശ്രമത്തിൽ കേന്ദ്രീകൃത ഉല്പാദനത്തിൽ ചെന്നെത്തിയതും പിന്നീട് സ്റ്റാലിന്റെ കാലമാവുമ്പോഴേക്കും അധികാരത്തിന്റെ കേന്ദ്രീകരണം പൂർത്തിയായതും നമുക്കറിയാം. ഇതിൽ നിന്ന് മനസ്സിലാക്കേണ്ട ഒരു കാര്യം വികേന്ദ്രീകരണമെന്നത് ഒരു തലത്തിൽ മാത്രമായി ഒതുക്കിനിർത്താവുന്നതല്ല എന്നതാണ്. ആണവോർജ്ജ നിലയങ്ങളും എക്സപ്രസ്സ് ഹൈവെയും സ്മാർട്ട് സിറ്റിയും കൊക്കകോള കമ്പനിയും എല്ലാം രാഷ്ട്രീയാധികാരത്തിന്റെ ജനാധിപത്യവൽക്കരണത്തിന് തടസ്സമാണ്. ഗ്രാമസഭകളും ജനകീയാസൂത്രണവുമെല്ലാം വെറും രാഷ്ട്രീയക്കളികളായിത്തീരുന്നത് രാഷ്ട്രീയസാമ്പത്തിക വികേന്ദ്രീകരണം ഉൾക്കൊള്ളാൻ കഴിയുന്ന ഒരു രാഷ്ട്രീയ തത്വചിന്ത പ്രാബല്യത്തിലില്ലാത്തതുകൊണ്ടുതന്നെയാണ്. പെരുമാട്ടി ഗ്രാമപഞ്ചായത്ത് കൊക്കകോള കമ്പനിയുമായി നിയമയുദ്ധത്തിലേർപ്പെടുമ്പോഴും പ്രകൃതി വിഭവങ്ങളുടെ മേലുള്ള ജനങ്ങളുടെ പരമാധികാരത്തിനായി പ്ലാച്ചിമട നിവാസികൾ സമരം ചെയ്യുമ്പോഴും ആവശ്യപ്പെടേണ്ടത് പുതിയൊരു ലോകക്രമത്തിനുവേണ്ടിയാണ്. അത് അധികാരത്തിന്റെയും ഉൽപ്പാദനത്തിന്റേയും വികേന്ദ്രീകരണത്തിലധിഷ്ഠിതമായിരിക്കണം.

കൊക്കകോളയെ പിണക്കുമ്പോൾ അമേരിക്കൻ മൂലധന ശക്തികൾ പിണങ്ങുമെന്നും മൂലധനത്തിന്റെ വരവ് നിലയ്ക്കുമെന്നുമുള്ള ഭീതിയാണ് ഭരിക്കുന്നവർക്കുള്ളത്. അതായത്, മുതലാളിത്ത വികസന തന്ത്രം വിഭാവനം ചെയ്യുന്ന വൻകിട ഉൽപാദന സമ്പ്രദായത്തെ വികസനത്തിന്റെ ഏകമാർഗ്ഗമായി കാണുമ്പോൾ കോള കമ്പനിക്കെതിരായ സമരത്തെ ഒരു പ്രഹസനമാക്കി മാറ്റേണ്ടത് ഇവിടുത്തെ ഭരണവർഗ്ഗങ്ങളുടെ ആവശ്യമാണ്. ഭോപ്പാലിലെ കൂട്ടക്കൊലയ്ക്ക് ശിക്ഷ നൽകാൻ ഇന്ത്യൻ ഭരണകൂടത്തിന് കഴിയാതെ പോയതും ഇതേ കാരണത്താലാണ്. ഇവിടെയാകട്ടെ, കോള കമ്പനിയെ എങ്ങനെ പരിക്കേൽക്കാതെ രക്ഷിക്കാം എന്ന ചിന്തയായിരിക്കും മൂലധനകാംക്ഷികൾക്കുണ്ടാവുക - കോളക്കുപകരം മാങ്ങാച്ചാറാകാമെന്ന ചിന്ത അണിയറയിലൊരുങ്ങുന്നതും ഇതുകൊണ്ടാണ്.

കോള കമ്പനിക്ക് പ്ലാച്ചിമടയിൽ പഴയതുപോലെ ഇനി സുഗമമായി കൊക്കകോള ഉൽപാദിച്ച് മുന്നോട്ട് പോകാൻ കഴിഞ്ഞേക്കില്ലെന്ന് അവർക്ക് ആശങ്കയുണ്ട്. പ്ലാച്ചിമടയിലെ തിരിച്ചടി, അവരുടെ മൊത്തം കോർപ്പറേറ്റ് താൽപര്യങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഇത്തരമൊരു സാഹചര്യത്തിലാണ് സർക്കാർ പ്രതിനിധികളുടെയും സമരത്തിന്റെ പിന്തുണക്കാരുടേയും കർഷകനേതാക്കളുടെയുമൊക്കെ വേഷത്തിൽ ചിറ്റൂർ താലൂക്കിലെ മാങ്ങാകർഷകർക്കുവേണ്ടി എന്ന പേരിൽ വിവിധ ശക്തികൾ കമ്പനിയുടെ ജാമ്യക്കാരായി രംഗത്ത് വന്നിരിക്കുന്നത്. പ്ലാച്ചിമട പ്രശ്നത്തെ ഒരു പരിസ്ഥിതിപ്രശ്നം മാത്രമായി കാണുന്നവരെ സംബന്ധിച്ച് ഇത് സ്വീകാര്യമായി തോന്നുകയും ചെയ്യാം എന്നാൽ കോളക്കമ്പനി പ്രതിനിധാനം ചെയ്യുന്ന അടിമുടി ജനവിരുദ്ധമായ സാമ്രാജ്യത്ത വികസന തന്ത്രത്തെ അടിസ്ഥാനപരമായി എതിർക്കുകയും അതിനുപിന്നിലെ സാമ്രാജ്യത്ത ചൂഷണ പദ്ധതികളെ തിരിച്ചറിയുകയും ചെയ്യുന്നവരെ സംബന്ധിച്ച് ഇത് സാഹചര്യത്തെ ഒട്ടും തന്നെ മാറ്റിത്തീർക്കില്ല. അതുകൊണ്ട് തന്നെ ഈ നിർദ്ദേശം അവർക്ക് തീർത്തും അസ്വീകാര്യവുമാണ്.

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിലുൾപ്പെടെ കേരളത്തിലെ വിവിധ ഇടങ്ങളിൽ ഇപ്പോൾ തന്നെ നിലവിലുള്ള പഴച്ചാർ സംസ്ക്കരണയൂണിറ്റുകൾക്ക് വേണ്ടത്ര അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തതുമൂലം അവയുടെ സ്ഥാപിത ശേഷി മുഴുവനായും ഉപയോഗപ്പെടുത്താൻ നിലവിൽ സാധിക്കുന്നില്ല. പ്ലാച്ചിമടയിലെ നിർദ്ദിഷ്ട പഴച്ചാർ യൂണിറ്റിനുവേണ്ടി ഉദ്ദേശിക്കുന്ന മാമ്പഴം ഈ സ്ഥാപനങ്ങളിലേക്കയച്ച് അവയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയാണ് ഇവരുടെ തന്നെ കാഴ്ചപ്പാടനുസരിച്ച് ആദ്യം ചെയ്യേണ്ടത്.

*എടക്കുളം പി.ഒ., കൊയിലാണ്ടി,*
*കോഴിക്കോട്*